(ഡി) ശ്രീ. എൻ. മോഹനൻ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരായിരുന്ന സമയത്തെ ചില നടപടികളുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് താൽക്കാലികമായി തടഞ്ഞ് ഉത്തരവായിട്ടുണ്ട്.

56 (2204) അബ്സോർബന്റ് കോട്ടൺ വൂൾ വാങ്ങിയതിലെ അപാകതകൾ

ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം അബ്സോർബന്റ് കോട്ടൺ വൂൾ വാങ്ങുന്നതിന് വേണ്ടി ആരെല്ലാമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്;

(ബി) ഓരോ സ്ഥാപനവുമായി എന്തുതുകയ്ക്കുള്ള കരാറാണ് ഈ കാലഘട്ടത്തിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ളത്;

(സി) ഇവ ഓരോരുത്തരും എന്തുതുകയ്ക്കുള്ള കോട്ടൺ വൂൾ നൽകി;

(ഡി) ഇപ്രകാരം കരാർ നൽകിയ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ഉത്തർപ്രദേശിലെ നിലവിലില്ലാത്ത ഒരു സ്ഥാപനവും ഉണ്ടായിരുന്നുവോ;

(ഇ) ഈ സ്ഥാപനവുമായി നടത്തിയതായി പറയപ്പെടുന്ന ഇടപാടുകളെപ്പറ്റി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെകൊണ്ട് അന്വേഷിപ്പിക്കുമോ?

ഉത്തരം

(എ) അബ്സോർബന്റ് കോട്ടൺ വൂൾ വാങ്ങുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ആരുമായും കരാറുണ്ടാക്കിയിട്ടില്ല.

(ബി)(സി),&(ഡി),(ഇ) ഉദിക്കുന്നില്ല.

57 (2205) അന്വേഷണങ്ങൾക്കും വ്യവഹാരത്തിനുമായി ഹാൻടെക്സ് ചെലവഴിച്ച തുക

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷത്തിൽ വ്യവഹാരങ്ങൾക്കും അന്വേഷണങ്ങൾക്കുമായി ഹാൻടെക്സ് എത്ര രൂപ വീതം വക്കീൽഫീസ്, ഉദ്യോഗസ്ഥരുടെ ടി.എ, ഡി.എ എന്നീ ഇനങ്ങളിൽ ചെലവഴിച്ചു;

(ബി) ഈ ഇനത്തിൽ വൻപിച്ച തുക ഹാൻടെക്സിനു നഷ്ടപ്പെടുത്തുന്നു എന്നുള്ള വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനാവശ്യ അന്വേഷണങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ഹാൻടെക്സിനും രജിസ്ട്രാർക്കും സർക്കാർ നൽകുമോ?

ഉത്തരം

(എ) ഈ ഇനങ്ങളിൽ ചെലവായ സംഖ്യ വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

ഇനം	*1997-98*	*1998-99*	*1999-2000 ഇതുവരെ*
വക്കീൽഫീസ്	56,947.30	71,676.00	1,47,470.00
ഉദ്യോഗസ്ഥൻമാരുടെ ടി.എ/ഡി.എ	502.00	2,508.00	5,134.00

(ബി) ഈ ഇനത്തിൽ വൻപിച്ച തുക നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ച് അനാവശ്യ അന്വേഷണങ്ങളും വ്യവഹാരങ്ങളും ഉണ്ടെന്നുകണ്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഹാൻടെക്സ് അനാവശ്യ അന്വേഷണങ്ങളും വ്യവഹാരങ്ങളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുരുതരമായ ക്രമക്കേടുകൾ കാട്ടിയിട്ടുള്ള വർക്കെതിരെ ഗാർഹിക അന്വേഷണം നടത്തുന്നുണ്ട്. ഇത് നിയമപരമായി ആവശ്യമായ നടപടിക്രമമാണ്. കോടതികളിൽ ഉണ്ടായിരുന്നതും നിലവിൽ ഉള്ളതുമായ വ്യവഹാരങ്ങൾ അധികവും ഹാൻടെക്സിനെതിരായി സ്ഥാപനത്തിനകത്തുള്ളവരും പുറത്തുള്ളവരും ഫയൽ ചെയ്തതാണ്. ഇത്തരം കേസുകളിൽ ഹാൻടെക്സിന്റെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നിയമനടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

58 (2206) സിഡ്കോയിലെ സീനിയർ മാനേജർ തസ്തികയിലെ നിയമനം

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ 1520-2660 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽനിന്നും സാധാരണ നിലയിൽ ഉദ്യോഗക്കയറ്റം നൽകുന്നത് ഏതു തസ്തികയിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) 2650-4200 രൂപ ശമ്പള സ്കെയിലുള്ള സീനിയർ മാനേജർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് ഏതു തസ്തികയിൽ നിന്നാണ്?

ഉത്തരം

(എ) സീനിയർ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക്.

(ബി) മാനേജർ തസ്തികയിൽ നിന്ന്.

LIBRARY ARCHIVES Kerala Legislative Assembly